**കേരള സർക്കാർ**

സംഗ്രഹം

തൊഴിൽ വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വയനാട് ജില്ലാ ഓഫീസിലേക്ക് ഒരു എൽ.ഡി. ക്ലർക്കിന്റെയും ഒരു എൽ.ഡി. ടൈപ്പിസ്റ്റിന്റെയും തസ്തിക സൃഷ്ടിക്കുന്നതിനും മലപ്പുറം, കണ്ണൂർ ജില്ലാ ഓഫീസുകളിൽ നിന്നും എടുത്തുമാറ്റിയ ഓരോ എൽ.ഡി. ക്ലർക്കിന്റെ തസ്തിക തിരികെ ആ ഓഫീസുകൾക്ക് നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**സ.ഉ.(എംഎസ്) 125/2008/തൊഴിൽ.** **തിരുവനന്തപുരം, തീയതി, 15/09/2008**

=====================================================================

പരാമർശം:- 1. ജി ഒ (എംഎസ്) 45/2007/തൊഴിൽ, തീയതി 04/04/2007

2. 21/08/2007 തീയതിയിലെ 202-ാമത് ബോർഡ് യോഗം.

3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/09/2007 ലെ ഇ.4200/05 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് വയനാട് ജില്ലയിൽ ഒരു ഓഫീസ് തുടങ്ങുന്നതിനും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെയും പ്യൂണിന്റെയും ഓരോ തസ്തികകൾ സൃഷ്ടിക്കുന്നതിനും അതോടൊപ്പം വയനാട് ജില്ലാ ഓഫീസിലേക്ക് മലപ്പുറം, കണ്ണൂർ ജില്ലാ ഓഫീസുകളിൽ നിന്നും ഓരോ എൽ.ഡി. ക്ലർക്ക് തസ്തിക മാറ്റുന്നതിനും ഉത്തരവായിരുന്നു. 22/10/'07 തീയതി മുതൽ വയനാട് ജില്ലാ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2. പുതുക്കിയ ക്ഷേമനിധി പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ വയനാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലേക്കായി ഒരു ഹെഡ് ക്ലർക്ക്, ഒരു യു.ഡി. ക്ലർക്ക്, 3 എൽ.ഡി.ക്ലർക്ക്, ഒരു എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്നും മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നും എടുത്തു മാറ്റിയ ഓരോ എൽ.ഡി.ക്ലർക്ക് തസ്തികകൾ തിരികെ അതത് ജില്ലകൾക്ക് നല്കാനും നടപടിയെടുക്കണമെന്ന് 21/08/'07 ലെ ബോർഡ് യോഗം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശം മൂന്നിലെ കത്തിലൂടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇക്കാര്യം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വയനാട് ജില്ലാ ഓഫീസിലേക്ക് ഒരു എൽ.ഡി. ക്ലർക്കിന്റെയും (5250- 8390) ഒരു എൽ.ഡി. ടൈപ്പിസ്റ്റിന്റെയും (5250- 8390) തസ്തിക സൃഷ്ടിക്കുന്നതിനും, (ഇതിനാവശ്യമായ ചെലവ് ബോർഡ് തന്നെ വഹിക്കേണ്ടതാണ് എന്ന നിബന്ധനയോടെ)

മലപ്പുറം, കണ്ണൂർ ജില്ലാ ഓഫീസുകളിൽ നിന്നും എടുത്തുമാറ്റിയ ഓരോ എൽ.ഡി. ക്ലർക്ക് തസ്തിക തിരികെ ആ ഓഫീസുകൾക്ക് നല്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.കെ.വിശ്വനാഥൻ
ഗവൺമെന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഹരിശ്രീ, എം.ഡബ്ല്യൂ.ആർ.എ -14, കൊച്ചുപ്ലാമൂട്, കൊല്ലം -1.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരള, തിരുവനന്തപുരം.
ധന(H&L-B)വകുപ്പ് (പരാമർശം.ഫയൽ നം. 42194/H&L-B1/ 09/Fin. തീയതി 09/07/2009).
പൊതുഭരണ (എസ്സി) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ഗവ:വെബ്സൈറ്റ്, സെക്രട്ടേറിയറ്റ് അനക്സ്.
തൊഴിലും പുനരധിവാസവും (പിഎസ്) വകുപ്പ്.
തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.